# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1371** **06.03.2020 ൽ മറുപടിയ്ക്ക്**

## പീരുമേട് നിയോജകമണ്ഡലത്തിൽ ജീവനി പദ്ധതി

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പീരുമേട് നിയോജകമണ്ഡലത്തിൽ സംസ്ഥാന കൃഷിവകുപ്പിന്റെ ജീവനി പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) പീരുമേട് ബ്ലോക്കിൽ ജീവനി പദ്ധതിയുടെ ഭാഗമായി 107550 പച്ചക്കറി തൈകളും 2310 പച്ചക്കറി കിറ്റുകളും വിതരണം നടത്തി. 105 ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ വീടുകളിലും 20 മാധ്യമ പ്രവർത്തകരുടെ വീടുകളിലും ജീവനി പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി ആരംഭിച്ചു പീരുമേട് ബ്ലോക്കിലെ 6 പഞ്ചായത്തുകളിലായി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ ആയ നിത്യ വഴുതന, വാളരി പയർ, ഇടവിളയായി കൃഷി ചെയ്യുന്ന തട പയർ എന്നിവയുടെ കൃഷി 4 ഹെക്ടർ സ്ഥലത്തേയ്ക്ക് വിസ്തൃതി വ്യാപനം നടത്തി. ചിരസ്ഥായി പച്ചക്കറി 5 ഇനങ്ങൾ അടങ്ങിയ 800 കിറ്റുകൾ വിതരണം നടത്തി. കൂടാതെ പീരുമേട് ബ്ലോക്കിന്റെ പ്രത്യേക പച്ചക്കറി പ്രോത്സാഹന പദ്ധതിയായി 'എല്ലാ വീട്ടിലും ഒരു കോവൽ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2500-ൽ അധികം കുടുംബങ്ങളിൽ കോവൽ നടീൽവസ്തുക്കൾ വിതരണം നടത്തി. 7500 കുടുംബങ്ങളിൽ കോവൽ നടീൽവസ്തുക്കൾ വിതരണം നടത്തുന്നതിന് ലക്ഷ്യമിടുന്നു. പീരുമേട് ബ്ലോക്കിന്റെ വിവിധ വാർഡുകളിലായി 102 കൃഷി പാഠശാലകളും നടത്തിയിട്ടുണ്ട്. |
| ബി) നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായ പരമ്പരാഗത പച്ചക്കറിവിളകളുടെ കൃഷി പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; അവിടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ജീവനി പദ്ധതിയിലെ വിവിധ പരിപാടികൾ കുമളി പഞ്ചായത്തിലെ മന്നാക്കുടി, പള്ളിക്കുടി ഊരുകളിലും പെരുവന്തനം പഞ്ചായത്തിലെ മുഴിക്കൽ എസ്.റ്റി. കോളനിയിലും വണ്ടിപ്പെരിയാർ പഞ്ചായത്തിലെ വഞ്ചിവയൽ എസ്.റ്റി. കോളനിയിലും നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വിത്തിനങ്ങളുടെ പ്രോത്സാഹനത്തിനായി മുഴിക്കൽ എസ്.റ്റി. കോളനിയിൽ വാളരി പയർ, നിത്യവഴുതന, തടപ്പയർ എന്നീ ഇനങ്ങളുടെ കൃഷി വ്യാപനം നടത്തി. |

സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ ഈ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

സി)

| ക്രമ നം. | പഞ്ചായത്ത് | സ്കൂൾ |
|---|---|---|
| 1. | കമളി | GVHSS കമളി |
| | | MAIHS മുരിക്കടി |
| | | MAILPS മുരിക്കടി |
| 2. | വണ്ടിപ്പെരിയാർ | GLPS വണ്ടിപ്പെരിയാർ |
| | | GUPS വണ്ടിപ്പെരിയാർ |
| | | GLPS ഗ്രാമ്പി |
| | | ST MATHEWS LPS വാളാർഡി |
| 3. | പീരുമേട് | GLPS പള്ളിക്കുന്ന് |
| | | CPMGHS പീരുമേട് |
| 4. | ഏലപ്പാറ | GHS ചെമ്മണ്ണ് |
| | | പഞ്ചായത്ത് എൽ.പി.എസ്. ഹെലിബേറിയ |
| 5. | പെരുവന്താനം | ST MARYS LPS കണങ്കവയൽ |
| | | ST MARYS HS തെക്കേമല |
| | | DEPAUL പെരുവന്താനം |
| | | ST JOSEPH HSS പെരുവന്താനം |
| 6. | കൊക്കയാർ | SMGUPS മേലോരം |

**<u>പ്രോജക്ടധിഷ്ഠിത പച്ചക്കറി കൃഷി</u>**

| ക്രമ നം. | പഞ്ചായത്ത് | സ്കൂൾ/കോളേജ് |
|---|---|---|
| 1. | വണ്ടിപ്പെരിയാർ | ST JOSEPH PUBLIC SCHOOL വണ്ടിപ്പെരിയാർ |
| 2. | പെരുവന്താനം | ST GEORGE LPS ചെറുവള്ളിക്കുളം |
| | | ST ANTONYS COLLEGE പെരുവന്താനം |

(signature)

**സെക്ഷൻ ഓഫീസർ**